# ജാമക്കാരൻ
# JAMAKKARAN

VOLUME - 5 | Reg NO.TNBIL/2016/70171 | ISSUE - 11

NOVEMBER - 2021 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333** **This No. is for SMS Purpose only**


കർത്താവിൽ പ്രിയരെ,



ഒക്ടോബർ മാസ ജാമക്കാരൻ നിങ്ങളുടെ കൈകളിൽ എത്തിയിരിക്കും എന്നു വിശ്വസിക്കുന്നു. കഴിഞ്ഞ രണ്ടു മാസങ്ങളായി മുടങ്ങാതെ വിദേശത്തുള്ള വായനക്കാർക്ക് ഏകദേശം 7000 ജാമക്കാരൻ മാസിക അയയ്ക്കുവാൻ ദൈവം സഹായിച്ചു. 84 രാജ്യങ്ങളിലുള്ള ജാമക്കാരൻ വായനക്കാർ അവരുടെ അഭിപ്രായങ്ങൾ ഇ–മെയിൽ വഴി എഴുതി അറിയിച്ചതിൽ വളരെയധികം സന്തോഷമുണ്ട്.

ജാമക്കാരനിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ വിഷയങ്ങളിലുമുള്ള ലേഖനങ്ങൾ തങ്ങളുടെ ആത്മീകവളർച്ചക്ക് ഏറ്റവും പ്രയോജനപരമായിരുന്നുവെന്ന് അറിയിക്കുകയുണ്ടായി. താങ്കൾ എഴുതിയ മുന്നറിയിപ്പുകളും തെറ്റായ ഉപദേശങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഞങ്ങളെ ശരിയായ വചനത്തിലേക്ക് ആനയിച്ചു. ഡോക്ടർ എഴുതിയതുപോലെയുള്ള പഠനങ്ങൾ ഞങ്ങൾക്ക് മറ്റൊരിടത്തു നിന്നും കിട്ടിയിട്ടില്ല.

യു ട്യൂബ് തുറന്നാൽ തല കറങ്ങുന്നു. ഓരോരുത്തരും തനിക്ക് ബോധിച്ചതുപോലെ വചനത്തെ വ്യാഖ്യാനിക്കുന്നത് ഞങ്ങളെപ്പോലെയുള്ള

സാധാരണ വിശ്വാസികൾക്ക് തെറ്റ് എന്നു തോന്നുന്നു. യു ട്യൂബിലെ പ്രഭാഷകർക്ക് അവരുടെ വ്യാഖ്യാനത്തിലുള്ള തെറ്റ് മനസ്സിലാകാതെ പോകുന്നു. ഞങ്ങളെ തേടി വിദേശങ്ങളിൽ എത്തിച്ചേരുന്ന ജാമക്കാരനുവേണ്ടി ഞങ്ങൾ ദൈവത്തോട് നന്ദി പറയുന്നു. മാസികയുടെ പുറത്ത് ഒട്ടിച്ചയയ്ക്കുന്ന സ്റ്റാമ്പിന്റെ വില കണ്ട് ഞങ്ങൾ ഞെട്ടിപ്പോയി. ഞങ്ങളുടെ രാജ്യത്തിൽ വന്ന ജാമക്കാരനിൽ 104 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ചിരുന്നു. സ്വീഡനിലുള്ള എന്റെ സഹോദരനു കിട്ടുന്ന ജാമക്കാരനിൽ 74 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ചിരുന്നതായി ഫോണിൽക്കൂടി അറിയുകയുണ്ടായി. പല വർഷങ്ങളായി ജാമക്കാരനിൽക്കൂടി ആത്മീയ നന്മ പ്രാപിക്കുന്ന ഞങ്ങൾ വല്ലപ്പോഴും ജാമക്കാരന് സാമ്പത്തികസഹായം നൽകുന്നു. എന്നാൽ, ഡോക്ടർ ഓരോ പ്രാവശ്യവും എത്ര ലക്ഷം രൂപയാണ് സ്റ്റാമ്പിനത്തിൽ ചെലവാക്കുന്നത്. ഇത്രയും രൂപ ഡോക്ടർക്ക് എങ്ങനെയാണ് ലഭിക്കുന്നത്? അക്കാര്യം ഓർത്ത് ഞാനും എന്റെ ഭാര്യയും ദൈവത്തെ സ്തുതിച്ചു. ഞങ്ങൾക്കുതന്നെ അത് അതിശയമായും അത്ഭുതമായും തോന്നി. ഓരോ മാസവും ഇൻഡ്യയിലുള്ളവരും വിദേശത്തും ഉള്ള ജാമക്കാരൻ വായനക്കാർ അയയ്ക്കുന്ന സംഭാവനകൾ ഇതിലേക്കായി ചിലവഴിക്കുന്നു.

അങ്ങനെ ലഭിക്കുന്ന സംഭാവനകൾ മുഖേന, സാമ്പത്തിക സഹായം നൽകുന്നവർക്കും അല്ലാത്തവർക്കും ഓരോ മാസവും മാസികകൾ അയച്ചു കൊടുക്കുവാനും അതിന് ആവശ്യമായ സ്റ്റാമ്പുകൾ ഒട്ടിക്കുന്നതിനും സാധിക്കുന്നു. ഓരോ വർഷവും ജൂൺ മാസത്തിനു മുൻപു തന്നെ ഗവൺമെന്റിന് വരവു ചെലവു കണക്കുകൾ ഞങ്ങളുടെ ഓഡിറ്റർ മുഖേന, ബാങ്ക് സ്റ്റേറ്റ്മെന്റിനൊപ്പം ബില്ലുകളും ചേർത്ത് ബോദ്ധ്യപ്പെടുത്തുന്നു. അങ്ങനെ സാമ്പത്തികവിഷയത്തിൽ ഒരു കളങ്കവും കാണിക്കാതെ ദൈവത്തിന്റെ മുമ്പിലും മനുഷ്യരുടെ മുമ്പിലും കഴിഞ്ഞ 46 വർഷങ്ങളായി ഈ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ.

- ☐ നിങ്ങൾ അയച്ചു തന്ന എല്ലാ പ്രാർത്ഥനാ വിഷയങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥനകൾക്കു ദൈവം നൽകിയ നന്മകളെക്കുറിച്ച് ഓരോരുത്തരും എഴുതുമ്പോൾ അവരോടു ചേർന്നു ഞാനും ദൈവത്തെ സ്തുതിക്കുന്നു. തുടർന്നും നിങ്ങൾ എല്ലാ ജാമക്കാരൻ വായനക്കാർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

ഡോക്ടർ പുഷ്പരാജ്

# പ്രത്യേക അറിയിപ്പ്

- കഴിഞ്ഞ രണ്ടു വർഷങ്ങളായി കൺവെൻഷനുകളിൽ ദൂത് അറിയിക്കുവാൻ ഒരിടത്തും പോകുന്നില്ല. ഈ കൊറോണ വ്യാപനം കാരണം ഈ വലിയ മാറ്റം എന്റെ ദൈവവേലയിൽ സംഭവിച്ചു. ഓരോ ദിവസവും കൺവെൻഷനുകളിൽ രണ്ടു മണിക്കൂറോളം പ്രസംഗിക്കുന്ന ഞാൻ ഇപ്പോൾ പ്രസംഗിക്കാതെയിരിക്കുന്നത് വലിയ അതിശയം തന്നെയാണ്. കർത്താവ് എന്റെ കയ്യിൽ ജാമക്കാരൻ ശുശ്രൂഷ ഏൽപ്പിച്ചത് എനിക്ക് വളരെയധികം ആശ്വാസം തരുന്നു. കൂടാതെ കത്തുകൾ മുഖേനയും ഇ–മെയിൽ മുഖേനയും ഫോൺ മുഖേനയും വായനക്കാർക്ക് പ്രാർത്ഥനയിലൂടെയും ഉപദേശങ്ങളിൽ കൂടെയും സംസാരിക്കുവാൻ കഴിയുന്നത് വ്യത്യാസമായ ഒരു ദൈവീകശുശ്രൂഷയായി ഞാൻ കരുതുന്നു.

ജാതികളുടെയിടയിൽ ഓടി ഓടി ശുശ്രൂഷിച്ച പൗലോസ് അപ്പോസ്തലൻ, തന്റെ അവസാനനാളുകളിൽ ബലഹീനനും രോഗിയും ഒക്കെ ആയിരുന്നിട്ടും. താൻ സന്ദർശിച്ച സഭകൾക്ക് ലേഖനങ്ങൾ മുഖേനയും കത്തുകൾ മുഖേനയും ആലോചനകൾ നൽകി, ഒടുവിൽ രക്തസാക്ഷിയായി മരണത്തിനു കീഴടങ്ങിയതുപോലെ എന്റെ ദൈവവേലയിലും ജാമക്കാരൻ മുഖേന ഇന്ത്യയിലും വിദേശത്തുമുള്ള വായനക്കാർക്ക് ലേഖനങ്ങൾ മുഖേന ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്നെ ഉണർത്തുന്നത് ഞാൻ എഴുതി അറിയിക്കുന്നു. എന്റെ മരണം, പൗലോസ് അപ്പൊസ്തലന്റെ മരണം പോലെ അല്ലാതെ പോയാലും ദൈവപുത്രൻ അനുവദിക്കുന്നതുപോലെ, അവന്റെ പാദപീഠത്തിങ്കൽ എത്തിച്ചേർന്നാൽ അതാണ് ഭാഗ്യം. അതിനായി ഓരോ നിമിഷവും ഞാൻ കാത്തിരിക്കുന്നു. ദൈവത്തിന് സ്തോത്രം.

# നവീനകാല ഉപകരണങ്ങളും നവീന കാല യുവജനങ്ങളും

ഇന്ത്യയിൽ കൊലപാതകങ്ങളും ആത്മഹത്യകളും ബലാൽസംഗങ്ങളും ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയുടെ കണക്കുപ്രകാരം ഇവയിൽ ഉൾപ്പെടുന്നവരെല്ലാം യുവമക്കളാണ്. ചില സ്ഥലങ്ങളിൽ 9 വയസ്സു പ്രായക്കാരനും ഉൾപ്പെടുന്നു. ഇതെല്ലാം മാധ്യമങ്ങളിൽക്കൂടി അറിയുമ്പോൾ വല്ലാത്ത ഒരു ഭയം ഉള്ളിൽ ഉണ്ടാകുന്നു.

ഇറ്റലിയിൽ മോഷണത്തിലും കൊലപാതകങ്ങളിലും പിടിക്കപ്പെടുന്നവർ 18 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളാണ്. എന്നാൽ അവരുടെ പിന്നിൽ പ്രവർത്തിക്കുന്നവർ സമൂഹത്തിലെ മാന്യൻമാരും രാഷ്ട്രീയത്തിൽ വളരെയധികം പിടിപാടുള്ളവരും ആകുന്നു. ഇറ്റലിയിലും മറ്റു ചില രാജ്യങ്ങളിലും 18 വയസ്സിനു താഴെയുള്ളവർ കൊലപാതകം നടത്തിയാലും അവരുടെമേൽ കൊലപാതകുറ്റം ചുമത്തുകയില്ല, അവരെ വെറുതെ വിടും. അതുകൊണ്ട് മോഷണത്തിനും കൊലപാതകത്തിനും കുഞ്ഞുങ്ങളെയാണ് ഉപയോഗിക്കുന്നത്. ഇന്ത്യയിലും അതുപോലെ, എ.ടി.എം. മോഷണം, മാല പൊട്ടിക്കൽ, വീടുകളിൽ നടത്തുന്ന കവർച്ചകൾ എല്ലാത്തിനും 20 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളെ ഉപയോഗിക്കുന്നു. ഡൽഹിയിൽ നടന്ന നിർഭയ ബലാൽസംഗ കേസിൽ 5 പ്രതികളിൽ 4 പേർക്കും വധശിക്ഷ നൽകി. എന്നാൽ പ്രതികളിൽ അഞ്ചാമന് 18 വയസു തികഞ്ഞില്ല എന്ന കാരണത്താൽ വെറുതെ വിട്ടു. കൊലപാതകത്തിലും മോഷണത്തിലും പ്രതികളാക്കപ്പെട്ടവരുടെ പേരുകൾ മാധ്യമങ്ങളിൽ വരുമ്പോൾ അവരിൽ ഏതെങ്കിലും ക്രിസ്ത്യാനിയുടെ പേര് ഉണ്ടായിരുന്നാൽ എനിക്ക് വളരെയധികം വേദന അനുഭവപ്പെടും.

ഇങ്ങനെ യുവമക്കളെല്ലാം പാപങ്ങളിൽ വീഴുവാൻ കാരണം അവരുടെ കുടുംബങ്ങൾ തന്നെയാണ്. ഇതിനെക്കുറിച്ച് ഒരു ഗവേഷണ ലേഖനത്തിൽ എഴുതിയത് ഇപ്രകാരമാണ്: 2010 ന് ശേഷം ജനിച്ചവർ എല്ലാവരേയും **(ALPHA) ആൽഫാ തലമുറ** എന്നു വിളിക്കപ്പെടുന്നു. ആദ്യമായി ഈ പേര് നൽകിയ വ്യക്തി, **ആസ്ട്രേലിയ**ക്കാരനായ **മാർക്ക് മെക്രിന്റൽ** ആണ്. ഇദ്ദേഹം **ആസ്ട്രേലിയ**ക്കാരനായ **മാർക്ക് മെക്രിന്റൽ** ആണ്. ഇദ്ദേഹം ആസ്ട്രേലിയയിലെ പ്രശസ്തനായ ഗവേഷകൻ ആണ്. അദ്ദേഹത്തിന് ആസ്ട്രേലിയയിലെ പരമോന്നത പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ഓരോ കാലഘട്ടത്തിനനുസരിച്ച് ഓരോ പേരുകൾ നൽകിയിരിക്കുന്നു. 1925 മുതൽ 1945 വരെ ജനിച്ച എല്ലാവരും (Silent Generation) നിശബ്ദ തലമുറയെന്നും 1946 മുതൽ 1964 വരെ ജനിച്ചവരെ (Baby Boomer Generation) കുഞ്ഞുങ്ങളെ ചുമക്കുന്ന തലമുറ എന്നും 1965 മുതൽ 1980 വരെ ജനിച്ച എല്ലാവരേയും X തലമുറ (Generation X-Baby Bust) എന്നും വിളിക്കുന്നു. 1981 മുതൽ 1996 വരെ ജനിച്ച വരെ (Millennials) മില്ലേനിയൽസ് എന്നും 1997 മുതൽ 2009 വരെ ജനിച്ചവരെ Z തലമുറ (Gen Z) എന്നും വിളിക്കുന്നു.

ഏതു കാലഘട്ടത്തിൽ ജനിച്ചിരുന്നാലും ശിശുപ്രായം, കൗമാരപ്രായം, മുതിർന്നവർ എന്ന ക്രമത്തിന് മാറ്റം സംഭവിക്കുന്നില്ല. ജനിക്കുന്ന ഓരോ വ്യക്തിയും ഈ ദശകൾ കടന്നു തന്നെ വരണം. ഈ കാലഘട്ടങ്ങളിൽ നാം എങ്ങനെ വളരുന്നു എന്നതിനെക്കുറിച്ച് വ്യക്തിബന്ധങ്ങൾ, മുതിർന്നവരെ ബഹുമാനിക്കുന്നത്, അതോടൊപ്പം മറ്റുള്ളവരെ അനുകരിച്ച് ജീവിക്കുന്നത് ഇതെല്ലാം മാതൃകയാകുന്നതാണ്. തലമുറകളുടെ വളർച്ചയിൽ അവരുടെ പക്വതയേറിയ സംസാരങ്ങൾ, പ്രായത്തിൽ കവിഞ്ഞ പ്രവൃത്തികൾ, സ്വഭാവങ്ങൾ കാണുമ്പോൾ നാം ഞെട്ടിപ്പോകുന്നു. ഉടനെ നാം പറയുന്നത്, ഞങ്ങളുടെ ഈ പ്രായത്തിൽ അങ്ങനെ ഒന്നും ചെയ്തിരുന്നില്ല, പറഞ്ഞിരുന്നില്ല, ഇപ്പോൾ കാലം കെട്ടുപോയി നമ്മെക്കാൾ പ്രായമുള്ളവരെ രണ്ടു കയ്യും കൂപ്പി നമസ്തെ പറയുന്നതെല്ലാം കുറഞ്ഞുപോയി. പകരം, ഒര കൈകൊണ്ട് അവർക്ക് വന്ദനം പറയുന്നു. അതും മാറി, ഇപ്പോൾ ഹൈ അങ്കിൾ, ഹൈ ആന്റി എന്നു

പറയുന്നു. ഇങ്ങനത്തെ പെരുമാറ്റങ്ങൾ മുതിർന്നവർക്ക് ഇപ്പോൾ ഞെട്ടൽ ഉണ്ടാക്കുന്നു. ഇപ്പോൾ ഇതു വായിക്കുന്ന നാമും, തലമുറയുടെ മാറ്റങ്ങൾക്കനുസരിച്ച് ജീവിക്കുവാൻ ഒരുങ്ങിക്കഴിഞ്ഞു. ഈ മാറ്റങ്ങൾ കാരണം, മുതിർന്നവരോടുള്ള മര്യാദ കുറഞ്ഞു പോയെന്ന് ആരും ധരിക്കരുത്. പക്ഷേ, അവർ നമ്മുടെ ജീവിതരീതികൾ കണ്ട് ബഹുമാനിക്കുന്നു. അതേസമയം, കുടുംബത്തിലും, ജോലി സ്ഥലങ്ങളിലും, സമുദായത്തിലും തെറ്റായ മാതൃക നമ്മിൽ കണ്ടാൽ, അവർ നമ്മെ നോക്കി രണ്ടു കൈകളും കൂപ്പി വണങ്ങിയാലും അവരുടെ ഉള്ളിൽ നമ്മെക്കുറിച്ചുള്ള പ്രതിച്ഛായക്ക് മാറ്റം ഉണ്ടാകും.

ചെറു പ്രായത്തിലേ രക്ഷിക്കപ്പെട്ട ഒരു വ്യക്തി തന്റെ വിശുദ്ധ ജീവിതത്തിന്റെ സാക്ഷിമൂലം മറ്റുള്ളവരുടെ ജീവിതത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കും. അദ്ദേഹത്തെ കാണുന്നവരും, അവരുമായി ബന്ധപ്പെട്ടവരും, അദ്ദേഹത്തെ എല്ലാ പ്രായത്തിലും ബഹുമാനിക്കും. മാത്രമല്ല, അദ്ദേഹത്തിന്റെ പാത പിന്തുടരുവാനും ആഗ്രഹിക്കും. അതേസമയം, മാനസാന്തരപ്പെടാത്ത ഒരു വ്യക്തി, എത്ര ഉയർന്ന പദവിയിൽ ആയിരുന്നാലും അദ്ദേഹത്തെ കാണുന്ന പ്രായം കുറഞ്ഞവർ, അദ്ദേഹത്തെ ഹൃദയം തൊട്ട് ബഹുമാനിക്കുക ഇല്ലായെങ്കിലും അവർ വഹിക്കുന്ന പദവിയെ ഓർത്ത് ബഹുമാനിക്കും. അവരുടെ ഉള്ളത്തിൽ അദ്ദേഹത്തെ വെറുക്കുന്നു. അതുകൊണ്ട്, എന്റെ പ്രായത്തെ ഓർത്ത് എന്നെ ബഹുമാനിക്കുന്നതിനേക്കാൾ, ക്രിസ്തുവിലുള്ള എന്റെ സാക്ഷ്യമുള്ള ജീവിതത്തെ അവർ പിൻതുടരണം എന്ന ചിന്തയാണ് ഏറെ അഭികാമ്യം.

അപ്പോസ്തലനായ പൗലോസ് എഫെസ്യർക്കെഴുതിയ ലേഖനം 6–ാം അദ്ധ്യായം 1–4 വരെയുള്ള വചനങ്ങളിൽ മക്കൾക്കും മാതാപിതാക്കൾക്കും ഉപദേശം നൽകിയിരിക്കുന്നു. ആ ഉപദേശങ്ങൾ, പ്രായഭേദമന്യെ എല്ലാവർക്കും യോജിക്കുന്നതാണ് എന്നു ഞാൻ കരുതുന്നു. പിതാക്കൻമാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ എന്ന് അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. കുഞ്ഞുങ്ങൾ, തങ്ങളെക്കാൾ മുതിർന്നവരെ ബഹുമാനിക്കുന്നതും അനുസരിക്കുന്നതും ഏറെ ആവശ്യം എന്ന് പൗലോസ്

അപ്പൊസ്തലൻ പറയുന്നു. എന്നാൽ, മാതാപിതാക്കൾ ആരായിരുന്നാലും, പ്രായത്തിൽ മുതിർന്നവർ ആരായിരുന്നാലും തെറ്റായ കാര്യങ്ങളിൽ അനുസരണം കാണിക്കണമെന്ന് ശഠിക്കുവാൻ പാടില്ല. അതുപോലെ തന്നെ, മാതാപിതാക്കളും മുതിർന്നവരും കുഞ്ഞുങ്ങളിൽ കോപം ജ്വലിപ്പിക്കുവാൻ പാടില്ല എന്നും പൗലോസ് അപ്പോസ്തലൻ ഉപദേശിക്കുന്നു.

അതുകൊണ്ട് നല്ല ബന്ധങ്ങൾ, മുതിർന്നവരെ ബഹുമാനിക്കുന്നതും, നല്ല മാതൃകകൾ പിന്തുടരുന്നതും നാം പ്രതീക്ഷിക്കുന്നതുപോലെ നടക്കണം എന്നതും അവരിൽ നിന്നും പ്രതീക്ഷിക്കരുത്. അവയെല്ലാം, നമ്മുടെ ആന്തരിക മാറ്റത്തിന് അനുസരിച്ചു തന്നെ ആയിരിക്കണം. ഇപ്പോഴുള്ള മൊബൈൽ ഫോൺ ഉൾപ്പെടെ, നാം ഉപയോഗിക്കുന്ന ഉപകരണങ്ങൾ സോഷ്യൽ മീഡിയ വഴിയുള്ള വ്യക്തിബന്ധങ്ങൾക്ക് വിഘാതം ഉണ്ടാക്കുന്നതിൽ നിന്നും തടയുന്നു. അതു മാത്രമല്ല, പരസ്പരം അകൽച്ചയും സൃഷ്ടിക്കുന്നു. തീർച്ചയായും ഇങ്ങനെയുള്ള വിഷയങ്ങളിൽ നാം വളരെ ജാഗ്രതയുള്ളവരായിരിക്കണം. മാനുഷിക ബന്ധങ്ങളുടെ മഹത്വത്തെ കുഞ്ഞുങ്ങൾ നല്ലതുപോലെ മനസ്സിലാക്കുവാൻ നാം തന്നെ അവർക്ക് മാതൃകയും അദ്ധ്യാപകരും ആയിരിക്കണം.

പ്രായത്തിൽ കുറഞ്ഞവരും ഇയ്യോ. 12:12 –ൽ പറയുന്നതുപോലെ **"വൃദ്ധന്മാരുടെ പക്കൽ ജ്ഞാനവും വയോധികന്മാരിൽ വിവേകവും ഉണ്ട്"** എന്ന വചനത്തെ എപ്പോഴും നമ്മുടെ ഹൃദയത്തിൽ ഉണ്ടാകണം. തീർച്ചയായും വൃദ്ധന്മാരുടെ ജ്ഞാനവും ഉപദേശങ്ങളും നിങ്ങളുടെ ജീവിതത്തിന്റെ നിലവാരം ഉയർത്തും എന്ന കാര്യത്തിൽ സംശയം ഇല്ല. നാം എല്ലാവരും ക്രിസ്തുവിന്റെ ഭാവം ധരിക്കണം. അപ്പോൾ ഇവ എല്ലാം സാധിക്കും.

"A youth that does not cultivate friendship with elderly is like a tree without roots".

-- A Central African Proverb

# മറ്റൊരു സുവിശേഷം – മുന്നറിയിപ്പ്

ദൈവം നല്ല വിത്തു വിതച്ചിരുന്ന നല്ല നിലത്തിൽ തന്നെ പിശാചും പ്രവർത്തിക്കുന്നത് നമുക്കു കാണുവാൻ സാധിക്കും. ഗോതമ്പു മണി ഉണ്ടാകാതിരിക്കുവാൻ വേണ്ടി അതിന്റെ ഇടയിൽ കളയും പിശാച് വിതച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ദൈവവേലയെപ്പോലെ തോന്നിക്കുന്ന മറ്റൊരു ദൈവവേലയെ കാണിച്ച് ദൈവത്തിന്റെ പ്രവർത്തികളെയും പദ്ധതികളെയും നശിപ്പിക്കുവാൻ പിശാച് പദ്ധതിയിടുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ സുവിശേഷത്തെപ്പോലെ മറ്റൊരു കപടസുവിശേഷത്തെ കാണിച്ച് പ്രശസ്തിപ്പെടുത്തുന്നു. ഈ രണ്ടു സുവിശേഷങ്ങളും ഒരേപോലെ കാണപ്പെടുന്നതുകൊണ്ട് അനേകർ വഞ്ചിക്കപ്പെടുന്നു.

പിശാചിന്റെ ഈ കപടസുവിശേഷത്തെക്കുറിച്ച് പൗലോസ് അപ്പൊസ്തലൻ ഗലാ. 1:6,7 വചനങ്ങളിൽ സൂചിപ്പിക്കുന്നു **"ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്കു മറിയുന്നതുകൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു. അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചു കളവാൻ ഇച്ഛിക്കുന്നു എന്നത്രേ".**

ഈ കപസുവിശേഷം അപ്പോസ്തലൻമാരുടെ കാലത്തിലും കൂടുതലായി കാണപ്പെട്ടു. അതുകൊണ്ടു തന്നെ, അപ്പൊസ്തലനായ പൗലോസ് ഈ വിഷയത്തിൽ കോപത്തോടെ ശാസിക്കുന്നത് നാം കാണുന്നു. **"എന്നാൽ ഞങ്ങൽ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ**

**സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻപറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു: നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ"** (ഗലാ. 1:8,9).

പിശാചിന്റെ സുവിശേഷം എന്നത് വിപ്ലവ ആശയമോ അല്ലെങ്കിൽ അരാജകപദ്ധതിയോ ഉള്ളതായിട്ടില്ല. ഈ പിശാചിന്റെ സുവിശേഷത്തിൽ വേർപാടുകളോ യുദ്ധങ്ങളോ ഉണ്ടാക്കുന്നതുമില്ല. മറിച്ച് ഇത് സമാധാനത്തേയും ഐക്യത്തെയും കൂടുതലായി സംസാരിക്കുന്നു. ഇതുകൊണ്ട് യേശുക്രിസ്തു മത്തായിയുടെ സുവിശേഷത്തിൽ പറഞ്ഞതുപോലെ അപ്പനും മകനും, അമ്മക്കും മക്കൾക്കും തമ്മിൽ വേർപാട് ഉണ്ടാക്കുന്നില്ല. മറിച്ച് എല്ലാ മനുഷ്യരും സഹോദരങ്ങൾ തന്നെയെന്ന് ലോകസാഹോദര്യത്തെ ഉപദേശിക്കുന്നു. യേശു പറഞ്ഞതുപോലെ, ജഡസ്വഭാവമുള്ള മനുഷ്യനെ ക്രൂശിപ്പിക്കുന്നതിനുപകരം ആ മനുഷ്യനെ ഉത്സാഹപ്പെടുത്തി ഉയർത്തുന്നു. വിദ്യാഭ്യാസത്തേയും സംസ്കാരത്തേയും അവനെ ഉപദേശിച്ച് നമ്മുടേതിൽ നിന്നും ശ്രേഷ്ഠമായതിനെ ഉണ്ടാക്കുവാൻ ശ്രമിക്കുന്നു.

ഈ പിശാചിന്റെ സുവിശേഷം ലോകത്തിന്റെ ആശ്വസസ്ഥലം ആയിരിക്കും. എല്ലാവരും ഒന്ന് എന്നുള്ള സാമൂഹിക ചിന്തയെ രൂപീകരിക്കുവാൻ ഉള്ള ദർശനം കൊണ്ടുള്ളതാണ്. അതുകൊണ്ട് നമുക്ക് ക്രിസ്തുവിന്റെ ആവശ്യം ഇല്ല എന്നുള്ള ചിന്തയെ ഉണ്ടാക്കുവാൻ ശ്രമിക്കുന്നു. ദൈവം ഇല്ലാതെയും മനുഷ്യനു ജീവിക്കുവാൻ സാധിക്കും എന്നുള്ളത് അവർ കേന്ദ്രബിന്ദു ആക്കുന്നു. ലോകചിന്തയെ മനുഷ്യ ഹൃദയങ്ങളിൽ കൊടുത്ത് അവരുടെ മനസ്സുകളെ പൂർണ്ണമായും ലോകചിന്തകളാൽ നിറച്ച് വീണ്ടും ജനനം ഉണ്ട് എന്നുള്ളത് മറെക്കുന്നു. ത്യാഗം, സാമൂഹ്യസേവനം, മനസ്സലിവ് എന്ന

തത്വങ്ങളെ ഉപദേശിച്ച് മറ്റുള്ളവർക്കുവേണ്ടി ജീവിക്കുവാൻ ഉപദേശിക്കുന്നു. എല്ലാ ജീവ ജാലങ്ങളോടും സ്നേഹത്തിൽ വസിക്കുവാൻ ഉപദേശിക്കുന്നു. ജഡസ്വഭാവമുള്ള മനസ്സിന് ഇത് യോജിച്ചതായി കാണപ്പെടുന്നു. അതുകൊണ്ട് ജനക്കൂട്ടം ഇങ്ങനെയുള്ള സുവിശേഷങ്ങളിൽ ആകർഷിക്കപ്പെടുന്നതായി കാണുന്നു. ഇത് മനുഷ്യൻ വീണു പോയവൻ എന്നുള്ള അടിസ്ഥാന ഉപദേശത്തെ മറച്ചു നാം നമ്മുടെ പാപത്താൽ മരണപ്പെട്ടവർ എന്നുള്ളതെ വിവരിച്ചു കാണിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ഒരേ വഴി വീണ്ടും ജനനം എന്നുള്ളത് മറ്റൊരു സുവിശേഷം ഉപദേശിക്കുന്നില്ല.

നാം നമ്മുടെ നല്ല പ്രവൃത്തികളെ കൊണ്ട് നമ്മുടെ രക്ഷയെ പ്രാപിക്കാം എന്ന് പിശാചിന്റെ സുവിശേഷം പറയുന്നു. നന്നായിരിക്കുക, നന്മയെ ചെയ്യുക എന്നുള്ളതാണ് ഇതിന്റെ അടിസ്ഥാന ഉപദേശം. നമ്മുടെ ജഡത്തിൽ നന്മയായത് ഒന്നുമില്ല എന്നുള്ളതിനെ സ്വീകരിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. നമുക്കു ലഭിക്കുന്ന രക്ഷ നല്ല പ്രവർത്തിയെ ഉണ്ടാക്കും എന്ന സത്യത്തിനു പകരം നമ്മുടെ നല്ല പ്രവൃത്തികൾ കൊണ്ട് രക്ഷിക്കപ്പെടുവാൻ സാധിക്കും എന്ന് ഈ ഉപദേശം പറയുന്നു. ഇന്നു നാം കാണുന്ന നവീന പ്രസംഗവേദികളിൽ ക്രിസ്തീയ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാന ഉപദേശത്തിന്റെ സത്യങ്ങളെ ഉപദേശിക്കുന്നതിനു പകരം കെട്ടുകഥകളും ഉത്സാഹമുളവാക്കുന്ന വാക്കുകളും പ്രസംഗിക്കുന്നു. പാപത്തിന്റെ ക്രൂരതയും അതിനാൽ ബാധിക്കപ്പെടുന്ന പ്രതികൂലങ്ങളും കാണിച്ചുകൊടുക്കുന്നതിനു പകരം നന്മ ഇല്ലാതെയിരിക്കുന്നതാണ് പാപം എന്നു തെറ്റായി ഉപദേശിക്കുന്നു. ഈ കള്ള സുവിശേഷം വരാനിരിക്കുന്ന ന്യായവിധിയിൽ നിന്നും രക്ഷപ്പെടണം എന്നുള്ള മുന്നറിയിപ്പിന്റെ ശബ്ദത്തിനുപകരം, ദൈവം സ്നേഹമുള്ളവനാണ്, അവൻ ഒരു മനുഷ്യനേയും നരകത്തിലേക്ക് തള്ളി വിടുകയില്ല എന്ന് തെറ്റായി ചിത്രീകരിക്കപ്പെടുന്നു. രക്തം ചൊരിഞ്ഞല്ലാതെ പാപമോചനം ഇല്ലായെന്ന് അറിയിക്കുന്നതിനു പകരം, ക്രിസ്തു ഒരു മാതൃകയാണ്, അവന്റെ വഴികളിൽ നടക്കണം എന്ന്, ക്രൂശില്ലാത്ത തെറ്റായ ഉപദേശത്തെ പറയുന്നു. അതുകൊണ്ടു

തന്നെ നാം റോമാ ലേഖനം 10:3 –ൽ പറയുന്നു: **“അവർ ദൈവത്തിന്റെ നീതി റിയാതെ സ്വന്ത നീതി സ്ഥാപിപ്പാൻ അന്വേഷിച്ചു കൊണ്ടു ദൈവത്തിന്റെ നീതിയ്ക്കു കീഴ്പ്പെട്ടില്ല”** (റോമ. 10:3).

അവർ ഈ കള്ള സുവിശേഷം വിശ്വസിക്കാൻ തക്കതായ ഉദ്ദേശ്യങ്ങളിൽ മുൻപന്തിയായി കരുതാം. എന്നിരുന്നാലും ഇവരെക്കുറിച്ച് വേദപുസ്തകം പറയുന്നു: **“ഇങ്ങനെയുള്ളവർ കള്ള അപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലൻമാരുടെ വേഷം ധരിക്കുന്നവരത്രെ; അത് ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ; ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെപ്രവൃത്തികൾക്ക് ഒത്തതായിരിക്കും”** (2 കൊരി. 11:13–15).

ഇന്നു കാണപ്പെടുന്ന മനോവിഷമം ഉണ്ടാക്കുന്ന സ്ഥിതി എന്തെന്നാൽ പൂർണ്ണ സുവിശേഷത്തേയും പ്രസംഗിപ്പാൻ ദൈവവേലക്കാർ ഇല്ലാത്ത സ്ഥിതി ഉണ്ടായിരിക്കുന്നു. മറുവശത്ത്, സഭകളിൽ കാണപ്പെടുന്ന പ്രശ്നങ്ങൾ എന്തെന്നാൽ, സഭാ വിശ്വാസികളും സത്യത്തെ, തങ്ങളെ തന്നെ പരിശോധിച്ച് വായിക്കുവാൻ താൽപര്യം ഇല്ലാത്തവരായി കാണപ്പെടുന്നു. കുടുംബപ്രാർത്ഥനകളിൽ വേദപുസ്തകം വായിക്കപ്പെടുന്നില്ല. ഇതു തന്നെയാണ് കഴിഞ്ഞകാല സംഭവങ്ങളായി മാറി വരുന്നു.

പ്രസംഗപീഠങ്ങളിൽ പരിശുദ്ധ തിരുവചനസത്യങ്ങൾ വെളിപ്പെടുത്തുന്നില്ല. ഭവനങ്ങളിലും വേദപുസ്തകപാരായണം നടത്തപ്പെടുന്നില്ല. വേഗതയേറിയ ഈ നവീനകാലഘട്ടത്തിൽ മനുഷ്യന് സമയം കിട്ടുന്നില്ല. ദൈവീകസാന്നിദ്ധ്യത്തിനായി കാത്തിരിക്കുന്ന പതിവുമില്ല. വേദപുസ്തകം വായിച്ച് ധ്യാനിക്കുാവൻ പരിചയമില്ലാത്തതുകൊണ്ട് തങ്ങൾക്ക് യോജിച്ച ദൈവവേലക്കാരെ തെരഞ്ഞെടുത്ത് തങ്ങളെത്തന്നെ തൃപ്തരാക്കുന്നു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ദൈവവേലക്കാരും

ദൈവവചനങ്ങളെ ഉപദേശിക്കുന്നതിനുപകരം സാമൂഹ്യപ്രശ്നങ്ങളെ കഥകളായി പറഞ്ഞു കൊടുക്കുന്നു.

## പകുതി കള്ളം അതിഭയങ്കരം

ദൈവദൂഷണം സത്യത്തെ തള്ളിപ്പറയുന്നതു മാത്രമല്ല, സത്യത്തിൽ നിന്നും വ്യതിചലിക്കുന്നതും ദൈവദൂഷണം തന്നെയാണ്. പൂർണ്ണമായി തള്ളിപ്പറയുന്നതിനെക്കാളും പകുതി കള്ളവും ഭയങ്കരമായതു തന്നെ. അതുകൊണ്ടു തന്നെ, കള്ളത്തനത്തിന്റെ പിതാവായവൻ പ്രസംഗപീഠത്തിൽ കയറുമ്പോൾ ക്രിസ്തീയ അടിസ്ഥാനസത്യങ്ങളെ പൂർണ്ണമായും ഒഴിവാക്കാതെ, അവയെ സ്വീകരിച്ചുകൊണ്ട് തെറ്റായ വ്യഖ്യാനം നൽകിക്കൊണ്ട് തെറ്റായ രീതിയിൽ വ്യാഖാനിച്ചു കൊടുക്കുന്നു. ഉദാഹരണമായി, ഏകദൈവവിശ്വാസത്തിന്റെ അടിസ്ഥാന ഉപദേശത്തെ അംഗീകരിച്ചുകൊണ്ട് ദൈവീകസ്വഭാവത്തെ തെറ്റായി ഉപദേശിക്കുന്നു. ദൈവം എല്ലാവർക്കും പിതാവ് എന്ന് അവർ പറയും. പക്ഷേ, വേദപുസ്തകം പറയുന്നത്: "ക്രിസ്തു യേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു" (ഗലാ. 3:26) എന്നാണ്. ഇത് നിങ്ങൾ മറന്നു പോകരുത്. മാത്രമല്ല, "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ. 1:12) എന്നും എഴുതിയിരിക്കുന്നു. തുടർന്നും ഈ കള്ള സുവിശേഷങ്ങൾ പറയുന്നത് എന്തെന്നാൽ, ദൈവം സ്നേഹമായിരിക്കുന്നതു കൊണ്ട് ഏതൊരു മനുഷ്യനേയും നരകത്തിലേക്ക് അയക്കുന്നില്ല. എന്നാൽ വേദപുസ്തകം പറയുന്നു: ''ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിട്ടും" (വെളി. 20:15). മാത്രമല്ല, പിശാച് ചരിത്രത്തെ രണ്ടായി വിഭജിച്ച യേശുക്രിസ്തുവിനെ തള്ളിപ്പറയുകയും ഇല്ല. ക്രിസ്തുവിന്റെ മനസ്സലിവിന്റെ പ്രവൃത്തികളെ ചൂണ്ടിക്കാണിച്ച് ക്രിസ്തുവിന്റെ നല്ല സ്വഭാവങ്ങളെ ഉയർത്തിക്കാണിച്ച്, ക്രിസ്തുവിന്റെ നല്ല ഉപദേശങ്ങളെ

പുകഴ്ത്തി പറഞ്ഞ് ലോകത്തിൽ ഇതുവരേയും ജീവിച്ചിരുന്ന മനുഷ്യരിൽ **ഉന്നതനായ മനുഷ്യനായി** (ദൈവമായിട്ടല്ല) മാത്രം പുകഴ്ത്തി കാണിക്കുന്നു.

ക്രിസ്തുവിന്റെ ജീവിതം ഇവൻ മുഖാന്തരം പുകഴ്ത്തപ്പെടും. പക്ഷേ, ക്രിസ്തുവിന്റെ മരണം ഇവൻ മുഖാന്തരം മറയ്ക്കപ്പെടും. ക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ച് പറയുന്നതേയില്ല. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ഒരു അന്ധവിശ്വാസം എന്ന് അവർ പഠിപ്പിക്കുന്നു. ക്രിസ്തു രക്ഷകനായിട്ടല്ല, മറിച്ച് അവനെ ഒരു ഉന്നത മനുഷ്യനായി മാത്രം കാണിക്കുവാൻ പിശാച് ശ്രമിക്കുന്നു. ഇതു തന്നെ ക്രൂശില്ലാതെ പിശാചിന്റെ കള്ളസുവിശേഷം ആകുന്നു.

**"ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും; അതിന്റെ അവസാനമോ മരണവഴികൾ അത്രേ"** (സദൃ. 14:12). നരകത്തിലേക്കുള്ള വഴി നല്ല ഉദ്ദേശങ്ങളായി കാണുന്നു. നരകാഗ്നിയിൽ നല്ല ചിന്തകൾ ഉള്ള മനുഷ്യരെ ധാരാളമായി അവിടെ കാണാം. യഥാർത്ഥമായ തീരുമാനങ്ങൾ, ഉയർന്ന ഉദ്ദേശ്യങ്ങൾ, സാമ്പത്തിക ഇടപാടുകളിൽ സത്യസന്ധത, ഇവരോടൊപ്പം ദാനധർമ്മാദികളിൽ ഏർപ്പെട്ടിരുന്ന പലരേയും അവിടെ കാണുവാൻ സാധിക്കും. ഇവരെല്ലാം തങ്ങളുടെ പ്രവർത്തികളാൽ നിഗളിച്ച് സ്വന്തനീതിയാൽ നിഷ്ക്കളങ്കരായി മാറുവാൻ ശ്രമിച്ചവരാണ്. എന്നാൽ, തങ്ങളെ പാപികളായിട്ട് ഒരിക്കലും കരുതിയിട്ടില്ല. അതുകൊണ്ട് ഒരു രക്ഷകർത്താവിന്റെ ആവശ്യം ഇവർക്ക് ഉണ്ടായിരുന്നില്ല. ഇതു തന്നെയാണ് ഒരു മനുഷ്യന് തോന്നുന്ന ചൊവ്വായ വഴി. പിശാച് നമ്മുടെ പ്രവർത്തികളാൽ നമുക്ക് രക്ഷപ്പെടുവാൻ സാധിക്കും എന്നും നമ്മുടെ പ്രവർത്തികളാൽ നാം നീതീകരിക്കപ്പെടുവാൻ സാധിക്കും എന്നും ഉപദേശിക്കുന്നു. പക്ഷേ, നമ്മുടെ ദൈവം ഇതേക്കുറിച്ച് വേദപുസ്തകത്തിൽ എന്താണ് പറയുന്നത് എന്നു ശ്രദ്ധിക്കാം **''കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ലേ; ദൈവത്തിന്റെ**

**ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല”** (എഫെ. 2:8,9). **“നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത്. നാം അവന്റെ കൃപയാൽ നീതികരിക്കപ്പെട്ടിട്ടു പ്രത്യാശ പ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിനു പുനർജനന സ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ’’** (തീത്തൊസ്3:5–7).

യേശുക്രിസ്തുവിന്റെ ജീവിതരീതിയെക്കുറിച്ചും യേശുവിന്റെ ജനനത്തെക്കുറിച്ചും ഉപദേശങ്ങളെക്കുറിച്ചും ചെറുപ്രായം മുതല്ക്കേ സണ്ടേസ്കൂൾ മുഖേന പഠിച്ച് അറിഞ്ഞിരിക്കാം. മാത്രമല്ല, ക്രിസ്തുവിനെ പിൻഗമിക്കുവാൻ നമുക്ക് കൂടുതൽ ആഗ്രഹം ഉണ്ടായിരിക്കാം. ഇങ്ങനെ ഉള്ളവർ വളർന്നശേഷം ദൈവത്തെ അറിയാതെ ലോകത്തിൽ പ്രവേശിക്കുമ്പോൾ, നിരീശ്വരവാദികൾ ഇവരെ പരിഹസിക്കുമ്പോൾ, ഇവർക്ക് ഞങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണെന്ന് ധൈര്യമായി പറയുവാൻ സാധിക്കും.

പക്ഷേ, ഇവരുടെ വിശ്വാസത്തെ പരീക്ഷിക്കുമ്പോൾ ക്രിസ്തുവിനെക്കുറിച്ചുള്ള മറ്റു വിഷയങ്ങളെ വിശ്വസിക്കുന്നു. എന്നാൽ, ക്രിസ്തുവിനെ ഇവർ വ്യക്തിപരമായി മനസ്സിലാക്കിയിട്ടില്ല എന്നു മാത്രമേ പറയുവാൻ കഴികയുള്ളൂ. അവർ യേശുക്രിസ്തു ജീവിച്ചിരുന്നു എന്നു വിശ്വസിക്കുന്നു. ഇങ്ങനെ വിശ്വസിക്കുന്നതു കൊണ്ട് തങ്ങൾ രക്ഷിക്കപ്പെട്ടു എന്നു കരുതുന്നു. പക്ഷേ, അതുപോര. ഇവർ പൂർണ്ണമായും തങ്ങളുടെ ജീവിതത്തെ ക്രിസ്തുവിന്റെ കരങ്ങളിൽ ഏൽപ്പിച്ചിട്ടില്ല. അതുകൊണ്ട് അവർ വിശ്വസിക്കുന്നില്ല എന്നു മാത്രമേ നമുക്കു പറയുവാൻ സാധിക്കുകയുള്ളൂ.

മനുഷ്യനു തോന്നുന്ന മറ്റൊരു മരണവഴി ഉണ്ട്. അത്, ദൈവത്തെ അറിയാതെ പോകുന്നതു തന്നെ. നമ്മുടെ ജീവിതത്തെ പൂർണ്ണമായും കർത്താവിന് ഏൽപിച്ചു കൊടുക്കണം. നമ്മുടെ ഹൃദയം അവനാൽ ഭരിക്കപ്പെടണം. ദൈവത്തെക്കുറിച്ച് തലച്ചോറിന്റെ അറിവ് മരണവഴികളിൽ ഒന്നാകുന്നു. ഇത് പിശാചിന്റെ സുവിശേഷത്തിന്റെ മറ്റൊരു അംശമാണ്.

## നാം എവിടെ നില്ക്കുന്നു?

മരണത്തിലേക്കുള്ള വിശാലമായ വഴിയെ വിട്ട് മാറിപോയോ? ക്രിസ്തുവിന്റെ സ്നേഹം നമ്മെ അവനിൽ നിന്നും വേർപെടുത്തുന്ന സകല കാര്യങ്ങളെക്കുറിച്ചും നമ്മിൽ വെറുപ്പ് ഉണ്ടാക്കിയോ? അവൻ നമ്മെ ഭരിക്കുവാൻ നാം സ്ഥലം കൊടുക്കുന്നുണ്ടോ? ഈ വിഷയത്തിൽ സക്കായിയുടെ ജീവിതം നമുക്ക് മാതൃകയാണ് (ലൂക്കോ. 19). പുറമെയുള്ള ഭക്തിയുടെ വേഷങ്ങളായ, ജ്ഞാനസ്നാനം, സ്ഥിരീകരണം, ഒരു പ്രത്യേക സഭയിൽ അംഗമാകുന്നത്, സമൂഹത്തിന്റെ മാന്യതയ്ക്കുവേണ്ടി സഭകളിൽ പോകുന്നത് ഇവയെല്ലാം മരണത്തിലേക്കുള്ള വഴികളാകുന്നു. ഇതിൽ ആത്മീക മരണവും നിത്യമരണവും ഉൾപ്പെടുന്നു. നമ്മുടെ ചിന്തകൾ എത്ര തന്നെ വിശുദ്ധമായിരുന്നാലും നമ്മുടെ ഉള്ളിലുള്ള ചിന്തകൾ എത്ര തന്നെ യഥാർത്ഥമായിരുന്നാലും ദൈവം തന്റെ പുത്രനിൽക്കൂടിയല്ലാതെ ആരെയും സ്വീകരിക്കുന്നില്ല.

കള്ളസുവിശേഷത്തിന്റെ മറ്റൊരുവശം, പ്രസംഗിയാർ ക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ച് ഉപദേശിച്ചശേഷം ക്രിസ്തുവിനെ വിശ്വസിക്കുവാൻ ഉപദേശിക്കും. ഇതുപോലെയുള്ള വഴികളിലൂടെ നടത്തപ്പെട്ട ആയിരക്കണക്കിനു ആത്മാക്കൾ, തങ്ങൾ രക്ഷിക്കപ്പെട്ടു എന്നു പറയുന്നു. പക്ഷേ, ക്രിസ്തുവോ, നിങ്ങൾ ദൈവത്തെ സ്വീകരിച്ചാലും മാനസാന്തരപ്പെടാതെ പോയാൽ ഒരു പ്രയോജനവും ഇല്ലായെന്നു പറയും. മാനസാന്തരപ്പെടുക എന്നുള്ളത് പാപത്തെ വെറുക്കുന്നതാകുന്നു. പാപം ചെയ്തു പോയാൽ അതിനെ ഓർത്തു

ദുഃഖിക്കും. മാത്രമല്ല, ആ പാപങ്ങളെ വിട്ട് മാറി ജീവിക്കും. പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയതതിൽ ക്രിയ ചെയ്യുന്നതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ സംഭവിക്കും. തകർന്ന ഹൃദയം തന്നെ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കും. അങ്ങനെയുള്ള യഥാർത്ഥ മാറ്റത്തെയാണ് നമ്മുടെ വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നത്. അങ്ങനെ മാനസാന്തരപ്പെട്ടവർ പൂർവ്വവഴികളെ വിട്ടുമാറി തങ്ങളുടെ ഇഷ്ടം മറന്ന് ദൈവത്തിന്റെ ഇഷ്ടത്തിന് സമർപ്പിക്കുന്നതാണ്. ക്രിസ്തുവിന്റെ നുകം നാം ചുമക്കാതെ, ദൈവത്തെ പ്രീതിപ്പെടുത്തുവാൻ സാധ്യമല്ല. **വായനക്കാരേ:** ക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കുന്നവരും, അവന്റെ നാമത്തിൽ പ്രസംഗിച്ചും അനേകരാൽ അറിയപ്പെട്ടും സഭയിൽ ഉയർത്തപ്പെട്ടും ദൈവത്താൽ ത്യജിക്കപ്പെടുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് നമ്മുടെ വിശ്വാസത്തെ ശോധന ചെയ്ത്, നമ്മുടെ പ്രവൃത്തികളെ വേദവചനത്താൽ തൂക്കി നോക്കി നാം പിശാചിനാൽ വഞ്ചിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചറിയുന്നത് നല്ലത്. പരിശുദ്ധാത്മാവു തന്നെ നമ്മുടെ ഹൃദയവിചാരങ്ങളെ ആരാഞ്ഞ്, നമ്മുടെ ഇഷ്ടങ്ങളെ തകർത്ത്, അവന്റെ ഇഷ്ടത്തെ നമ്മിലാക്കി ശരിയായ മാനസാന്തരത്തെ നമുക്കു നൽകുമാറാകട്ടെ. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന കുഞ്ഞാടിനെ നോക്കി അവങ്കലേയ്ക്കു വരുത്തുമാറാക്കട്ടെ, ആമേൻ.


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# ശ്രീമതി പത്രോസ്

മിസ്റ്റർ പത്രോസ് പുതിയനിയമത്തിലെ പ്രധാനവ്യക്തികളിൽ ഒരാളാണ്. സുവിശേഷപുസ്തകത്തിലും പത്രോസിന്റെ പ്രവൃത്തികൾ അപ്പോസ്തലപ്രവൃത്തികളുടെ പുസ്തകത്തിലെ ആദ്യഭാഗങ്ങളിലും കൂടുതലായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതല്ലാതെ കൊരിന്ത്യ, ഗലാത്യ ലേഖനങ്ങളിലും പത്രോസിനെക്കുറിച്ച് ചില കാര്യങ്ങൾ എഴുതിയിരിക്കുന്നു. ചില പ്രത്യേക ലേഖനങ്ങളെ എഴുതുവാൻ ദൈവം പത്രോസിനെ അനുവദിച്ചതും നമുക്കറിയാം. പത്രോസിനെക്കുറിച്ച് നാം ചിന്തിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും ധാരാളം വിഷയങ്ങൾ ഉണ്ട്. യേശുക്രിസ്തു പത്രോസിനെ തന്റെ ശിഷ്യൻമാരിൽ ഒരാളായി ചേർക്കുവാൻ വേണ്ടി ഗലീലിയ കടൽപ്പുറത്ത് വച്ച് വിളിക്കപ്പെട്ട നാൾ തുടങ്ങി (മർക്കൊ. 1:11), പത്രോസി ആയ ഞാൻ എന്റെ കൂടാരത്തെ (ശരീരത്തെ) വിട്ടു പോകുന്നത് വേഗത്തിൽ സംഭവിക്കും എന്നു അറിയിക്കുന്ന കാലംവരെയും, പത്രോസിന്റെ ജീവിതത്തിൽ കയറ്റവും ഇറക്കവും വിവിധ രൂപത്തിൽ നമുക്കു കാണാം. പക്ഷേ ശ്രീമതി പത്രോസിനെക്കുറിച്ച് നേരിട്ട് വേദപുസ്തകത്തിലൊന്നും രേഖപ്പെടുത്തിയിട്ടില്ലായെന്നു നിങ്ങൾ വിചാരിക്കും. ശ്രീമതി പത്രോസ്, അപ്പോസ്തലനായ പത്രോസിന് ദൈവം സമ്മാനമായി കൊടുക്കപ്പെട്ടവളാണ് എങ്ങനെയെന്നാൽ: ബുദ്ധിയുള്ള ഭാര്യ ദൈവം നൽകുന്ന ദാനമാണ് എന്ന് സദൃ. 19:14 –ൽ ശലോമോൻ ജ്ഞാനിയാൽ വെളിപ്പെടുത്തിയിരിക്കുന്നു. ദാനം എന്നതും സംഭാവന എന്നതും ഒന്നു തന്നെയാണ്. എന്നാലും ശ്രീമതി എന്ന് എങ്ങനെ അഭിസംബോധന ചെയ്യും എന്ന് നിങ്ങൾ ചോദിക്കുമായിരിക്കും.

നമ്മുടെ വേദപുസ്തകത്തിൽ ബുദ്ധിമതികളായ അനേകം സ്ത്രീകളെക്കുറിച്ച് എഴുതിയിട്ടുണ്ട്. നാബാലിന്റെ ഭാര്യ അബിഗയിൽ നല്ല

വിവേകമുള്ളവൾ ആയിരുന്നു (1 ശമു. 25:3) എന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മോശെയുടെ ഭാര്യയായ സിപ്പോറ ജ്ഞാനത്തോടെ പ്രവർത്തിച്ചു പുറ. 4:24–26 വരെയുള്ള തിരുവചനങ്ങളിൽ നമുക്കു കാണുവാൻ സാധിക്കും. ഹേബേറിന്റെ ഭാര്യയായ യായേൽ സ്ത്രീകളിൽ അനുഗ്രഹം ലഭിച്ചവൾ (ന്യായ. 5:24,25) എന്നും എഴുതിയിരിക്കുന്നു. മനോഹയുടെ ഭാര്യ തക്കസമയത്ത് ആലോചന നൽകിയത് (ന്യായ. 13:24) വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പുതിയനിയമത്തിൽ **പ്രിസ്കില്ലയേയും** ഈ നിരയിൽ നിർത്തുവാൻ സാധിക്കും. എങ്ങനെയെന്നാൽ **അകിലാസും, പ്രിസ്കില്ലയും** (അപ്പൊ. 18:26) പിൻകാലങ്ങളിൽ പ്രിസ്കില്ല, അകിലാ എന്നു പറയപ്പെട്ടിരിക്കുന്നത് (റോമ. 16:3,11; തിമൊ. 4:19). പ്രിസ്കില്ലായെ മുന്നിൽ നിർത്തിയിരിക്കുന്നതായി കാണാം. ആത്മീക ജീവിതത്തിൽ ഈ സ്ത്രീകൾക്ക് മുൻഗണന കൊടുത്തത് അവരുടെ വിവേകമായ പ്രവർത്തികളാൽ ആയിരിക്കുമോ? പരിശുദ്ധാത്മാവ് കാരണമില്ലാതെ ഇങ്ങനെ എഴുതുവാൻ സമ്മതിക്കയില്ല.

ഒരു പക്ഷേ, ശ്രീമതി പത്രോസിന്റെ പ്രവൃത്തികൾ വേദപുസ്തകത്തിൽ നേരിട്ട് കാണിക്കാതെ മുകളിൽ പറഞ്ഞിട്ടുള്ള സ്ത്രീകളെപ്പോലെ ഇല്ലാതെ പോയാലും ചില പ്രധാന യോഗ്യതകൾ ശ്രീമതി പത്രോസിന് ഉണ്ടായിരിക്കാം എന്നു മനസ്സിലാക്കുവാൻ സാധിക്കും. ഈ വിഷയങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിനു മുൻപ് പത്രോസിന്റെ വിവാഹജീവിതത്തെക്കുറിച്ച് നാം അറിയേണ്ടിയിരിക്കുന്നു.

## പത്രോസ് വിവാഹിതനാണ്

**തെളിവ് 1 :** പുതിയ നിയമത്തിൽ ആദ്യ 3 സുവിശേഷങ്ങളിൽ പത്രോസിന്റെ ഭാര്യയെക്കുറിച്ച് ഒന്നും സൂചിപ്പിച്ചിട്ടില്ല. എന്നാലും പത്രോസിന്റെ അമ്മായിഅമ്മ രോഗിയായി കിടന്നതിനെക്കുറിച്ചും യേശുക്രിസ്തു അവളുടെ


കഠിനജ്വരം മാറുവാൻ കല്പിച്ച ഉടനെ തന്നെ പത്രോസിന്റെ അമ്മായി അമ്മ സൗഖ്യം പ്രാപിച്ച് യേശുവിനെ ശുശ്രൂഷിച്ചു എന്നും എഴുതിയിരിക്കുന്നു (മത്താ. 8:14, മർക്കൊ. 1:30, ലൂക്കോ. 4:38). ഇതിൽ നിന്നും പത്രോസ് വിവാഹിതനാണെന്ന് ഉറപ്പാകുന്നു. ഇംഗ്ലീഷ് ബൈബിളിൽ Mother-In-Law എന്ന് തർജ്ജമ ചെയ്തിരിക്കുന്നു.

അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ഇപ്രകാരം ചോദിക്കുന്നു, ശേഷം അപ്പസ്തലൻമാരും കർത്താവിന്റെ സഹോദരന്മാരും കേഫാവും ചെയ്യുന്നതുപോലെ ഭാര്യ യായോരു സഹോദരിയുമായി സഞ്ചരിപ്പാൻ ഞങ്ങൾക്ക് അധികാരമില്ലയോ (1കൊരി. 9:5) എന്ന്. ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ **പത്രോസ് (കേഫാ)** വിവാഹിതനായിരുന്നു എന്ന് നമുക്കു വ്യക്തമാകുന്നു.

**തെളിവ് 2 : ശ്രീമതി പത്രോസ് ഒരു മൂപ്പന്റെ ഭാര്യ ആയിരുന്നു**

പത്രോസിന് ഭാര്യ ഉണ്ടായിരുന്നു എന്നതിനുള്ള മറ്റൊരു തെളിവ്, പത്രോസ് സഭാ മൂപ്പന്മാരിൽ ഒരാൾ എന്ന് അറിയപ്പെടുന്നു (1 പത്രോ. 5:1). ഒരു മൂപ്പന്റെ യോഗ്യതകളെക്കുറിച്ച് 1 തിമൊഥെയൊസ് 3–ാം അദ്ധ്യായത്തിലും തീത്തോസിന്റെ ലേഖനത്തിലും വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം എന്നും അനുശാസിക്കുന്നു. അങ്ങനെയെങ്കിൽ സ്വന്തം ഭാര്യയുടെ സഹായം ഇല്ലാതെ ഇതൊക്കെ എങ്ങനെ നടപ്പിലാക്കാൻ കഴിയും, എന്നും നാം ചിന്തിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ പത്രോസിന്റെ ഭാര്യ പക്വമതിയും അതിഥി സൽക്കാരപ്രിയയും വിവേകശാലിയും ആയിരുന്നു എന്നു മനസ്സിലാക്കാം. ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ അപ്പൊസ്തലനായ പത്രോസ് വിവാഹിതനായിരുന്നുവെന്ന് നമുക്ക് വ്യക്തമാകുന്നു.

## തന്റെ മിഷണറി ഓട്ടം തികച്ച ദൈവദാസൻ ഡോ. ദേവജ്ഞാനവരം (1950 – 2021)



ഡോ. ദേവജ്ഞാനവരം അവർകൾ IEM മിഷണറിയായി ഒറീസ്സയിലെ വനങ്ങളിലും ഗ്രാമങ്ങളിലും സുവിശേഷം അറിയിച്ചു. ഇദ്ദേഹം അലഹബാദ് ബൈബിൽ കോളേജിലും ഹിന്ദുസ്ഥാൻ ബൈബിൾ കോളേജിലും വേദപഠനം നടത്തിയ വ്യക്തിയാണ്. ഇദ്ദേഹവും ഇദ്ദേഹത്തിന്റെ പത്നിയും മിഷണറിമാരായി തെലുങ്കാനയിലെ കമ്മം ജില്ലയിലെ ഗോയ വർഗ്ഗക്കാർ പാർത്തിരുന്ന ഒരു കൊച്ചു ഗ്രാമത്തിൽ താമസിച്ച് അവരുടെ ഭാഷ പഠിച്ച് അവരുടെയിടയിൽ ദൈവവേല ചെയ്തിരുന്നു. ദൈവവിളി കേട്ട ആ ജനങ്ങൾക്ക് നീ അനുഭവിക്കുന്ന വേദപുസ്തകവചനങ്ങളെ അവരുടെ ഭാഷയിൽ എഴുതി നൽകാമോ എന്ന ദൈവത്തിന്റെ ശബ്ദം കേട്ട്, ഉടനെ തന്നെ ലിപി ഇല്ലാത്ത അവരുടെ ഭാഷക്ക് ലിപി ഉണ്ടാക്കി 1979 –ാം വർഷം ഗോയ ഭാഷയിൽ ലൂക്കോസിന്റെ സുവിശേഷം എഴുതി പ്രിന്റ് ചെയ്ത് അവർക്കു നൽകി. അതുപോലെ തന്നെ തമിഴ് പാട്ടുകളും ഗോയ ഭാഷയിൽ പരിഭാഷപ്പെടുത്തി അവരെ പഠിപ്പിച്ചു. വേദപുസ്തകം പൂർണ്ണമായും ഗോയ ഭാഷയിൽ വിവർത്തനം ചെയ്യുവാൻ തുടങ്ങിയപ്പോൾ അദ്ദേഹം പക്ഷവാത രോഗത്തിന് അടിമപ്പെട്ടു. നടക്കുവാനും എഴുതുവാനും സാധിക്കാത്ത സ്ഥിതിയിൽ കിടപ്പിലായി. വീൽ ചെയറിൽ ഇരുന്നുകൊണ്ട് അദ്ദേഹം വേദപുസ്തകം പൂർണ്ണമായും ഗോയ ഭാഷയിൽ തർജ്ജമ ചെയ്തു. ദൈവീകദർശനത്തെ പൂർത്തീകരിച്ച ആത്മസംതൃപ്തിയോടെ തന്റെ ഓട്ടം തികച്ച് കർത്തൃസന്നിധിയിൽ തന്നെ ഏൽപിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിനുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

**NOVEMBER 2021**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.